## അപൂർവ പഴവർഗശേഖരങ്ങൾക്കായി

# ജനിതക കലവറ

Mathrubhumi 31-10-18, P-06

**സി.ഡി. സുനീഷ്**



ബെംഗളൂരുവിലെ ബയോവേഴ്സിറ്റി ഇൻറർനാഷണലിന്റെ ദക്ഷിണേന്ത്യൻ കേന്ദ്രത്തിൽ കർഷകർക്കും പഴസ്നേഹികൾക്കുമായി ജനിതക കലവറയൊരുങ്ങി. നമ്മൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താത്ത പഴവർഗങ്ങൾ സംരക്ഷിക്കുകയും കൂടുതൽ തൈകൾ ഉത്പാദിപ്പിച്ച് കർഷകർക്ക് നൽകുകയുമാണ് ലക്ഷ്യം.

ഇന്ത്യയിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ വിദേശഫലങ്ങളും ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലെ കർഷകരിൽനിന്ന് നേരിട്ട് ശേഖരിക്കുന്ന ഫലങ്ങളുമാണ് ഇവിടെ സംരക്ഷിക്കുന്നത്.

ജനിതക ശേഖരത്തോടൊപ്പം ആരോഗ്യപോഷകസമ്പത്തിനെപ്പറ്റിയുള്ള പഠനവും ഡോക്യുമെന്റേഷനും ഇവിടെ നടത്തുന്നു. 35-ഓളം ഫലവർഗ കുടുംബത്തിലെ 245 വൈവിധ്യമാർന്ന പഴവർഗ കലവറയാണ് തയ്യാറായിരിക്കുന്നത്.

വിദ്യാർഥികൾക്കും കർഷകർക്കും പൊതുജനങ്ങൾക്കും ഈ കേന്ദ്രത്തിന്റെ സേവനം പ്രയോജനപ്പെടുത്താം.

ഐ.സി.എ.ആർ. അടക്കമുള്ള കാർഷിക ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഈ കേന്ദ്രത്തിൽ പഴവർഗങ്ങളെക്കുറിച്ച് മനസ്സിലാക്കാനും സാങ്കേതികജ്ഞാനത്തിനും നടീൽ വസ്തുക്കൾക്കുമായി ബന്ധപ്പെടാം.

**ഡോക്ടർ എസ്.ബി. ദാൻദിൻ, ബയോവേഴ്സിറ്റി ഇൻറർനാഷണൽ കോളേജ് ഓഫ് ഹോർട്ടികൾച്ചർ, ഫോൺ 9686873737, 9449830005**

**കാർഷികരംഗം**

**കൂടുതൽ കൃഷി വാർത്തകൾക്ക്**
www.mathrubhumi.com/agriculture

കാർഷിക രംഗത്തിലേക്കുള്ള കുറിപ്പുകൾ
അയക്കേണ്ട വിലാസം:
പത്രാധിപർ, കാർഷികരംഗം,
മാതൃഭൂമി,
കെ.പി. കേശവമേനോൻ
റോഡ്,
കോഴിക്കോട്-673001